**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2276** **03-03-2025 - ൽ മറുപടിയ്ക്ക്**

**ബഡ്സ് സ്കൂളുകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ ബഡ്സ് സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ ബഡ്സ് സ്കൂളുകളിലെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി കുട്ടികൾക്ക് ഭക്ഷണം, വാഹന സൗകര്യം എന്നിവയും കുട്ടികൾക്ക് കളിസ്ഥലം, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ, ഭിന്നശേഷി സൗഹൃദ കെട്ടിടങ്ങൾ എന്നീ ഭൗതിക സാഹചര്യങ്ങളും കൂടാതെ സ്കോളർഷിപ്പ്, തൊഴിൽ പരിശീലനം, തെറാപ്പി സേവനം എന്നീ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. |
| (ബി) | ജില്ലയിലെ ബഡ്സ് സ്കൂളുകളിൽ ജീവനക്കാരുടെ അഭാവം ഉണ്ടെങ്കിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | സ്പീച്ച് തെറാപ്പിസ്റ്റ്, ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റ് എന്നിവരുടെ അഭാവം ഉണ്ട്. ആയത് പരിഹരിക്കുന്നതിന് സോഷ്യൽ സെക്യൂരിറ്റി മിഷനെ വിവരം അറിയിച്ചിട്ടുണ്ട്. |
| (സി) | ബഡ്സ് സ്കൂളുകളിൽ ഡോക്ടർമാരടക്കമുള്ള ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | ബഡ്സ് സ്കൂളിൽ ഡോക്ടർമാരുടെയും ഫിസിയോ തെറാപ്പിസ്റ്റിന്റെയും സേവനം ലഭ്യമാക്കുന്നുണ്ട്. പ്രൈമറി ഹെൽത്ത് സെന്റർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവ മുഖേന ആരോഗ്യ പരിശോധന ക്യാമ്പുകൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ